LIBRARY ARCHIVES Kerala Legislative Assembly

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ

880 [1355] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു;

(ബി) ഇതിൽ ശരിയായ നിലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എത്ര; പ്രവർത്തന രഹിതമായി കിടക്കുന്നതു എത്ര എന്നു വിശദീകരിക്കുമോ;

(സി) പ്രവർത്തനരഹിതമായി കിടക്കുന്ന സൊസൈറ്റികൾ പുനർ ജീവിപ്പിക്കുന്നതിനു ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 85 ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 62 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ബി) 45 സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമാണ്. 17 എണ്ണത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. 23 സംഘങ്ങൾ പ്രവർത്തന രഹിതരാണ്.

(സി) ലേബർ കോൺട്രാക്റ്റ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഒരു പരിപാടി പരിഗണനയിലുണ്ട്.

കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

881 [1356] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. സി. വാസുദേവമേനോൻ:

ശ്രീ. എം. വി. രാഘവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും–സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ആസ്ഥാനമാക്കി ഒരു കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നേയ്ക്ക് ഈ സ്ഥാപനം നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ഒരു കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സഹകരണ യൂണിയനുമായി ചർച്ച ചെയ്യേണ്ടതുള്ളതുകൊണ്ട് ഈ സ്ഥാപനം എന്നു നിലവിൽ വരുമെന്ന് കൃത്യമായി പറയുവാൻ ഇപ്പോൾ പ്രയാസമാണ്.

ഭൂപണയ ബാങ്കുകൾ

882 [1360] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഭൂപണയ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ബാങ്കും ഇതുവരെ നൽകിയ കടങ്ങളുടെ കണക്ക് വിശദീകരിക്കുമോ;

(സി) താലൂക്ക് അടിസ്ഥാനത്തിൽ ഭൂപണയ ബാങ്കുകൾ സ്ഥാപിക്കുവാൻ ഒറപ്പാലം താലൂക്കിൽ ഷെയർ പിരിച്ചിട്ട് വർഷങ്ങളായിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഒറപ്പാലം താലൂക്കിൽ ബാങ്കു സ്ഥാപിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 31 ഭൂപണയ ബാങ്കുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 30 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രാഥമിക ഭൂപണയ ബാങ്കുകൾ നാളിതുവരെ 4200.08 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. ഓരോ ബാങ്കും 1977.78 സഹകരണ വർഷത്തിൽ നൽകിയ കടങ്ങളുടെ കണക്ക് താഴെ കൊടുക്കുന്നു.

	ഭൂപണയ ബാങ്ക്	രൂപ ലക്ഷത്തിൽ
1.	തിരുവനന്തപുരം	16.74
2.	കിളിമാനൂർ	66.31
3.	നെയ്യാറിൻകര	34.70
4.	കരുനാഗപ്പള്ളി	18.56
5.	കൊല്ലം	44.27
6.	ശാസ്താംകോട്ട	37.34
7.	പത്തനംതിട്ട	16.92
8.	ആലപ്പുഴ	18.91
9.	തിരുവല്ല	8.87
10.	കാർത്തികപ്പള്ളി	13.44
11.	ചേർത്തല	21.73
12.	കോട്ടയം	20.80
13.	മീനച്ചിൽ	18.43
14.	തൊടുപുഴ	29.42
15.	മലനാട്	63.91
16.	എറണാകുളം	35.22

LIBRARY ARCHIVES Kerala Legislative Assembly